## ക്രിസ്തു നറുക്കിട്ടുനൽകപ്പെട്ട ഓഹരി

**I. സർവോൽകൃഷ്ടനും സർവവും-ഉൾക്കൊള്ളുന്നവനുമായ ക്രിസ്തു വിശുദ്ധന്മാരുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരിയാണ്**

കൊലൊ. 1:12 വെളിച്ചത്തിലുള്ള വിശുദ്ധന്മാർക്ക് നറുക്കിട്ടുനൽകപ്പെട്ട ഓഹരിയുടെ പങ്കിനായി;

- കൊലൊസ്സ്യരിൽ ക്രിസ്തു നല്ല ദേശത്തിന്റെ യാഥാർഥ്യമാണ്:
  - 1:12–വിശുദ്ധന്മാരുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരി–നമ്മുടെ ആസ്വാദനത്തിനുള്ള സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവാണ്
  - 2:6–അവനിൽ നടക്കുക–നമുക്ക് നടക്കുവാനുള്ള പ്രദേശം, മണ്ഡലമാണ്
  - 2:7–അവനിൽ വേരൂന്നുക–സകല സമ്പത്തും ആഗിരണം ചെയ്യുവാനുള്ള മണ്ണാണ് അവൻ
- പുതിയനിയമ വിശ്വാസികളുടെ നറുക്കിട്ടുനൽകപ്പെട്ട ഓഹരി ജീവൻ-നൽകുന്ന ആത്മാവായ സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവാണ്
  - നല്ലദേശത്തിന്റെ സമ്പന്നത ക്രിസ്തുവിന്റെ ആത്മാവിൽ തന്റെ വിശ്വാസികൾക്കുള്ള ധാരാളമായ സഹായമായ വ്യത്യസ്ത വശങ്ങളിലുള്ള ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ മുൻകുറിക്കുന്നു
  - ദേശത്തിന്റെ സമ്പന്നത ആസ്വദിക്കുന്നതിലൂടെ, ക്രിസ്തുവിലുള്ള വിശ്വാസികൾ ദൈവത്തിന്റെ ഭവനവും ദൈവരാജ്യവും എന്ന നിലയിൽ അവന്റെ ശരീരമായിരിക്കുവാൻ പണിയപ്പെടുന്നു

## സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ആസ്വാദനം—പാലും തേനും

**II. ദൈവത്തിന്റെ വിളിയുടെ ഉദ്ദേശ്യം, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ പാലും തേനും ഒഴുകുന്ന നല്ലദേശത്താൽ മുൻകുറിക്കപ്പെടുന്ന സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ ആസ്വാദനത്തിലേക്ക് കൊണ്ടുവരിക എന്നതാണ്**

- ജന്തുജീവന്റെയും സസ്യജീവന്റെയും സമ്മിശ്രമായ പാലും തേനും ക്രിസ്തുവിന്റെ ജീവന്റെ രണ്ടു വശങ്ങൾ—വീണ്ടെടുപ്പിൻ വശവും ഉല്പാദിപ്പിക്കുന്ന വശവും—ആണ്
  - ക്രിസ്തുവിന്റെ ജീവന്റെ വീണ്ടെടുപ്പിൻ വശം നമ്മുടെ നൈതിക വീണ്ടെടുപ്പിനുവേണ്ടിയും, ക്രിസ്തുവിന്റെ ജീവന്റെ ഉല്പാപ്പിക്കുന്ന വശം നമ്മുടെ ജൈവിക രക്ഷയ്ക്കുവേണ്ടിയും ആണ്
  - നല്ലദേശം നമ്മുടെ ആസ്വാദനത്തിനായുള്ള ഒരു മേശ, ഒരു വിരുന്ന്, ആയിത്തീർന്നിരിക്കുന്നു
- തന്റെ വീണ്ടെടുക്കുന്നതും ഉല്പാദിപ്പിക്കുന്നതുമായ വശങ്ങളിൽ നല്ലദേശമായി സർവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ ആസ്വദിക്കണമെങ്കിൽ നാം വെളിച്ചത്തിൽ ആയിരിക്കണം
  - ദൈവം വെളിച്ചമാണ് / ദൈവവചനം വെളിച്ചമാണ് ക്രിസ്തു വെളിച്ചമാണ് / ക്രിസ്തുവിന്റെ ജീവൻ വെളിച്ചമാണ് / വിശ്വാസികൾ വെളിച്ചമാണ് / സഭ വെളിച്ചത്താൽ പ്രകാശിക്കുന്ന ഒരു നിലവിളക്കാണ്
- തന്റെ വീണ്ടെടുക്കുന്നതും ഉല്പാദിപ്പിക്കുന്നതുമായ വശങ്ങളിൽ നല്ലദേശമായി സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ ആസ്വദിക്കുന്നതിന് നാം ദൈവത്തിന്റെ വചനങ്ങൾ ഭക്ഷിക്കണം; ദൈവത്തിന്റെ വചനം നമുക്ക് കുടിക്കാനുള്ള പാലും നമുക്ക് ഭക്ഷിക്കാനുള്ള തേനുമാണ്
- പാലും തേനുമുള്ള ദേശമായി ക്രിസ്തുവിനെ ആസ്വദിക്കുന്നതിലൂടെ, നാം പാലും തേനുമായ അവനെക്കൊണ്ട് സംരചിക്കപ്പെടും

  ഉത്ത. 4:11 “അല്ലയോ കാന്തേ, നിന്റെ അധരം തേൻകട്ട പൊഴിക്കുന്നു; നിന്റെ നാവിൻ കീഴിൽ തേനും പാലും ഉണ്ട്”
  - ഈ മാധുര്യം ഒറ്റരാത്രികൊണ്ട് ഉല്പാദിപ്പിക്കപ്പെടുന്നതല്ല, മറിച്ച് ഒരു നീണ്ട കാലയളവിലെ ശേഖരണത്തിൽനിന്നും, ആന്തരിക പ്രവർത്തനത്തിൽ നിന്നും, ശ്രദ്ധയോടെയുള്ള സംഭരണത്തിൽനിന്നും വരുന്നതാണ്

## ക്രിസ്തു നാം വേരൂന്നുവാനുള്ള മണ്ണ്

**III. നാം ആഗിരണം ചെയ്യുന്ന മൂലകങ്ങളാൽ നമുക്ക് വളരുവാൻ കഴിയതക്കവണ്ണം നമ്മുടെ ജീവനുള്ള ദേശമായ ക്രിസ്തുവിൽ നമുക്ക് നടക്കുവാനും, നാം വേരൂന്നിയിരിക്കുന്ന നമ്മുടെ സമ്പന്ന മണ്ണായ ക്രിസ്തുവിനെ ആഗിരണം ചെയ്യുവാനും നമുക്കു കഴിയും**

- കൊലൊസ്സ്യർ 2:8-15 നമുക്ക് ഒന്നിനും കുറവില്ലാത്ത മണ്ണായ ക്രിസ്തുവിന്റെ ഒരു പൂർണ വിവരണവും നിർവചനവും അവതരിപ്പിക്കുന്നു; സർവവും-ഉൾക്കൊള്ളുന്ന ദേശമായി അവനെ ആഗിരണം ചെയ്യുവാൻ നാം സമയമെടുക്കുമ്പോൾ, ഈ വാക്യങ്ങളിലെ വസ്തുതകൾ നമ്മുടെ അനുഭവമായിത്തീരുന്നു
- **മണ്ണായ ക്രിസ്തുവിൽ**

  കൊലൊ. 2:7 അവനിൽ വേരൂന്നി

  10 അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.
  - ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നു. അവനിൽ നാം വേരൂന്നുമ്പോൾ, നാം അവനിൽ പൂർണരാക്കപ്പെടുന്നു;
  - എല്ലാ വാഴ്ച്ചയുടെയും അധികാരത്തിന്റെയും തലയാണ്
  - ജഡത്തെ മരണത്തിനേല്പിക്കുന്ന കൊല്ലുന്ന ശക്തിയോടുകൂടിയ മൂലകമുണ്ട്
  - നമ്മെ അടക്കപ്പെടുവാൻ ഇടയാക്കുന്ന മൂലകമുണ്ട്
  - നമ്മെ ഉയിർപ്പിക്കപ്പെടുവാൻ ഇടയാക്കുന്ന മൂലകമുണ്ട്
  - നമ്മെ ജീവിപ്പിക്കുന്ന മൂലകമുണ്ട്
  - ചട്ടങ്ങളിലുള്ള കൈയെഴുത്തിനെ മായ്ച്ചുകളയുന്ന മൂലകമുണ്ട്
  - അന്തരീക്ഷത്തിലെ ദുഷ്ടാത്മാക്കളുടെമേൽ ജയിക്കുന്ന മൂലകമുണ്ട്
- നമ്മുടെ അനുഭവത്തിൽ അവനിൽ പൂർണരാക്കപ്പെടുന്നതിനുവേണ്ടി സമ്പന്നമായ മണ്ണായ ക്രിസ്തുവിന്റെ എല്ലാ മൂലകങ്ങളും നമ്മിലേക്ക് ആഗിരണം ചെയ്യപ്പെടത്തക്കവണ്ണം സർവവും-ഉൾക്കൊള്ളുന്ന ദേശമായി കർത്താവിനെ ആസ്വദിക്കുവാൻ നാം സമയമെടുക്കണം
  - ആഗിരണം ചെയ്യണമെങ്കിൽ, നമുക്ക് മൃദുവായ, പുതിയ വേരുകൾ ഉണ്ടായിരിക്കണം
  - നമ്മുടെ സാഹചര്യത്തെയും, നമ്മുടെ അവസ്ഥയെയും, നമ്മുടെ പരാജയങ്ങളെയും, നമ്മുടെ ബലഹീനതകളെയും നാം മറക്കുകയും കർത്താവിനെ ആഗിരണം ചെയ്യുവാൻ സമയമെടുക്കുകയും വേണം;